2023
DECEMBER
27
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

കപ്പലുകൾക്ക് നേരെയുള്ള ആക്രമണം

## കർശന നടപടി എടുക്കും: രാജ്നാഥ് സിംഗ്

**ന്യൂഡൽഹി:** കച്ചവടക്കപ്പലുകൾക്കു നേരെയുള്ള ആക്രമണങ്ങൾക്ക് മുന്നറിയിപ്പുമായി പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. കച്ചവടക്കപ്പലുകളായ എംവി കെം പ്ലൂട്ടോയ്ക്കും എംവി സായിബാബയ്ക്കും നേരെ നടന്ന ആക്രമണങ്ങളെ കേന്ദ്രസർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ഇതിനു പിന്നിലുള്ളവരെ കണ്ടെത്തി കർശന നടപടിയെടുക്കും. അതിനി കടലിൽ എത്ര ആഴത്തിലായിരുന്നാലും അതിന് മാറ്റമില്ലെന്ന് രാജ്നാഥ് സിങ് പറഞ്ഞു.

നാവികസേന നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ഈ ആക്രമണം നടത്തിയത് ആരായാലും, കടലിനടിയിൽ നിന്നാണെങ്കിൽ പോലും അവരെ കണ്ടെത്തും. പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും തീർച്ചയായും ശിക്ഷിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഡിസ്ട്രോയർ ഐഎൻഎസ് ഇംഫാൽ കമ്മീഷൻ ചെയ്തതിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. 21 ഇന്ത്യൻ ക്രൂ അംഗങ്ങളുമായി എംവി കെം പ്ലൂട്ടോ പോർബന്തറിൽ നിന്ന് 217 നോട്ടിക്കൽ മൈൽ അകലെ ഡ്രോൺ ശനിയാഴ്ച ആക്രമിക്കുകയായിരുന്നു.

## ഇനി പെൻഷൻ ബാധ്യത കൂടി ജനങ്ങൾ താങ്ങണം;

# നിരക്ക് വർധനയ്ക്ക് കെഎസ്ഇബി നീക്കം

**തിരുവനന്തപുരം:** കേളത്തിലെ ജനങ്ങളെ വീണ്ടും ഷോക്കടിപ്പിക്കാൻ കെഎസ്ഇബി. വന്പൻ ശന്പളച്ചെലവിനു പുറമെ ഭീമമായ പെൻഷൻ ബാധ്യത കൂടി പൊതുജനങ്ങൾക്കു മേൽ അടിച്ചേൽപ്പിക്കാനുള്ള നീക്കവുമായാണ് അവർ മുന്പോട്ടു പോകുന്നത്.




ഏപ്രിലിൽ താരിഫ് രണ്ടാം നിയമഭേദഗതി നടപ്പിലാക്കിയേക്കുമെന്നാണ് വിവരം. ഇതിൻറെ ഭാഗമായി വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ജനുവരി നാലിന് പൊതുജനങ്ങളിൽ നിന്ന് തെളിവെടുക്കും.

ഏപ്രിലിൽ ഈ ബാധ്യത കൂടി ചേർത്ത് വീണ്ടുമൊരു നിരക്ക് വർധന ഏർപ്പെടുത്താനാണ് നീക്കം. കഴിഞ്ഞ നവംബറിലും വർധന വരുത്തിയിരുന്നു.

പെൻഷൻ ചെലവിന് പുറമെ അടുത്ത വർഷം ശമ്പള വർധന നടപ്പാക്കുന്നതിലൂടെ ഉണ്ടാകുന്ന 480 കോടിയുടെ ബാധ്യതയും താരിഫിൽ ഉൾപ്പെടുത്തണമെന്ന് കെഎസ്ഇബി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2013ൽ പെൻഷൻ ബാധ്യത നിറവേറ്റാൻ മാസ്റ്റർ ട്രസ്റ്റ് സംവിധാനമുണ്ടാക്കിയിരുന്നു. ഇതുപ്രകാരം 8144 കോടിയുടെ ബോണ്ട് കെഎസ്ഇബിയും 3751 കോടിയുടേത് സർക്കാരുമിറക്കി.

കെഎസ്ഇബി 10% പലിശയും സർക്കാർ 9% പലിശയും ഇതിന് നൽകാനും തീരുമാനിച്ചിരുന്നു. കെഎസ്ഇബിയുടെ പലിശച്ചെലവ് അവരുടെ പൊതുചെലവിൽപ്പെടുത്തി അത് പൊതുജനങ്ങളിൽ നിന്ന് ഈടാക്കാനും ധാരണയായിരുന്നു.

എന്നാൽ കെഎസ്ഇബി നഷ്ടത്തിലായതോടെ കാര്യങ്ങൾ മാറി. 2021 മുതൽ പലിശ മാത്രമല്ല പെൻഷനുമായി ബന്ധപ്പെട്ട സർക്കാർ നൽകുന്ന വിഹിതത്തിനു പുറമെ വരുന്ന ചെലവും പൊതുജനങ്ങളിൽ നിന്ന് താരിഫായി ഈടാക്കാൻ തീരുമാനിച്ചു.

ഇതിനെ ഹൈടെൻഷൻ ആൻഡ് എക്സ്ട്രാ ഹൈടെൻഷൻ ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തതോടെ കോടതി അത് തടഞ്ഞിരുന്നു.

അതിനിടെ ബോണ്ടിൻറെ 10 വർഷത്തെ കാലാവധി തീർന്നതോടെ പെൻഷൻ ബാധ്യതയിൽ നിന്ന് ഒഴിഞ്ഞ് സർക്കാർ കൈകഴുകി. ഈ ബാധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാണ് കെഎസ്ഇബി പുതിയ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

# നാവികസേനയ്ക്ക് കരുത്തായി ഐഎൻഎസ് ഇംഫാൽ

**മുംബൈ:** ഇന്ത്യ തദ്ദേശീയമായി നിർമിച്ച അത്യാധുനിക മിസൈൽ നശീകരണക്കപ്പൽ ഐഎൻഎസ് ഇംഫാൽ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് കമ്മിഷൻ ചെയ്തു. മുംബൈയിലെ മസഗോൺ ഡോക്ക് ലിമിറ്റഡിൽ ഇന്നലെയായിരുന്നു ചടങ്ങ്. നാവികസേനാ മേധാവി അഡ്മിറൽ ആർ. ഹരികുമാർ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ തുടങ്ങിയവർ പങ്കെടുത്തു. രാജ്യത്തിൻറെ നാവിക പ്രതിരോധത്തിന് കൂടുതൽ കരുത്തു നൽകുന്നതാണ് ഐഎൻഎസ് ഇംഫാൽ.

ബ്രഹ്മോസ് സൂപ്പർസോണിക് മിസൈലിൻറെ പുതിയ പതിപ്പിനെയും തൊടുത്തുവിടാൻ ശേഷിയുണ്ട് ഈ പടക്കപ്പലിന്. കടലിലെ പരീക്ഷണങ്ങൾ പൂർത്തിയാക്കി ഒക്റ്റോബർ 20ന് കപ്പൽ നാവികസേനയ്ക്ക് കൈമാറിയിരുന്നു. കപ്പലിൽ നിന്നു ബ്രഹ്മോസ് മിസൈലിൻറെ ഉപയോഗ പരീക്ഷണവും കഴിഞ്ഞ മാസം വിജയകരമായി പൂർത്തിയാക്കി. ഇന്ത്യ തദ്ദേശീയമായി നിർമിച്ച



യുദ്ധക്കപ്പലിൽ നിന്ന് ഇതാദ്യമാണു ബ്രഹ്മോസ് പരീക്ഷിക്കുന്നത്.

നാവികസേന നിർമിക്കുന്ന വിശാഖപട്ടണം ക്ലാസ് യുദ്ധക്കപ്പലുകളിൽ മൂന്നാമത്തേതാണ് ഐഎൻഎസ് ഇംഫാൽ. ഐഎൻഎസ് വിശാഖപട്ടണം, ഐഎൻഎസ് മർമഗോവ എന്നിവ ഇതിനകം കമ്മിഷൻ ചെയ്തു. ഇതാദ്യമാണു സേനയുടെ കപ്പലിന് വടക്കുകിഴക്കൻ നഗരത്തിൻറെ പേര് നൽകുന്നത്. ഡൽഹി ക്ലാസ്, കോൽക്കത്ത ക്ലാസ് എന്നിവയ്ക്കുശേഷമാണു കൂടുതൽ നശീകരണശേഷിയോടെ വിശാഖപട്ടണം ക്ലാസ് യുദ്ധക്കപ്പലുകൾ നിർമിക്കുന്നത്.

163 മീറ്ററാണു കപ്പലിൻറെ നീളം. നിർമാണത്തിൽ ഉപയോഗിച്ചവയിൽ 75 ശതമാനവും തദ്ദേശീയ സാമഗ്രികളാണ്. 7500 ടൺ കേവ് ഭാരം. 30 നോട്ടിക്കൽ മൈൽ വേഗം കൈവരിക്കാനാകും. ഏറ്റവും ആധുനികമായ റഡാർ സംവിധാനങ്ങളാണു കപ്പലിൽ. എതിരാളിയുടെ കപ്പലിലെ ആയുധ സംവിധാനങ്ങളെക്കുറിച്ച് ഇതു കൃത്യമായ വിവരം നൽകും. അന്തർവാഹിനികളെ നേരിടാൻ കഴിയുന്ന കപ്പലിൽ റോക്കറ്റ്, ടോർപ്പിഡോ ലോഞ്ചറുകളുണ്ട്. എഎസ്ഡബ്ല്യു ഹെലികോപ്റ്ററുകളെയും വഹിക്കും.

ആണവ, ജൈവ, രാസ യുദ്ധമുഖങ്ങളിൽ സ്വയം നിയന്ത്രിച്ചു പ്രവർത്തിക്കും. പ്രതല വ്യോമ, പ്രതല പ്രതല മിസൈലുകൾ വിക്ഷേപിക്കാനും ശേഷിയുണ്ട്.

രാജ്യം ഇതുവരെ നിർമിച്ച മിസൈൽ നശീകരണക്കപ്പലുകളിൽ ഏറ്റവും കുറഞ്ഞ സമയംകൊണ്ടാണ് ഐഎൻഎസ് ഇംഫാൽ പൂർത്തിയാക്കിയത്.





# ബ്രാഹ്മണക്കണ്ട മൽസ്യം ജനിതക രഹസ്യങ്ങളുടെ ചുരുളഴിഞ്ഞു

**കൊച്ചി:** ജൈവവൈവിധ്യ പൈതൃക കേന്ദ്രമായ പശ്ചിമഘട്ടത്തിലെ പെരിയാർ കടുവാ സങ്കേതത്തിൽ മാത്രം കാണപ്പെടുന്നതും പരിണാമപരമായി വ്യത്യസ്തമായതും, വംശനാശഭീഷണി നേരിടുന്നതുമായ ലെപിഡോപൈഗോപ്സിസ് ടൈപ്പസ് (ബ്രാഹ്മണക്കണ്ട) എന്ന മത്സ്യത്തിന്റെ മൈറ്റോകോൺഡ്രിയൽ ജീനുകളുടെ ജനിതക രൂപത്തിന്റെ പൂർണ്ണരൂപം ഗവേഷകർ കണ്ടെത്തി.

കോശത്തിലെ ഊർജ്ജോൽപ്പാദന നിലയങ്ങളായ മൈറ്റോകോൺഡ്രിയയിലെ ഡി.എൻ. എ. യിലെ തന്മാത്ര വിന്യാസത്തെ അനാവരണം ചെയ്തപ്പോഴാണ് ഈ വിവരങ്ങൾ ലഭ്യമായത്. ലേപിഡോപൈഗോപ്സിസ് എന്ന ജനുസിൽ ലോകത്ത് ഈ ഒരു സ്പീഷീസ് മത്സ്യം മാത്രം ആണ് നിലവിൽ കണ്ടെത്തിയിട്ടുള്ളത്. ഐ. യു. സി. എൻ. (ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ) ചുവപ്പ് പട്ടികയിൽ വംശനാശ ഭീഷണി നേരിടുന്ന മത്സ്യമായി ഇവയെ ഉൾപെടുത്തിയിട്ടുമുണ്ട്.

ഈ കണ്ടെത്തലിനെ കുറിച്ചുള്ള ആധികാരിക വിവരങ്ങൾ കേരള ഫിഷറീസ് സർവ്വകലാശാലയിലെ (കുഫോസ്) അധ്യാപകനായ ഡോ. രാജീവ് രാഘവൻ, ഗവേഷകയായ ഡോ. ആര്യ സിദ്ധാർത്ഥൻ, പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ് സുവോളജി വിഭാഗം ഗവേഷക വിദ്യാർത്ഥി ശ്വേത ചന്ദ്ര, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ സൂവോളജി വിഭാഗം അദ്ധ്യാപകൻ ഡോ. അഭിലാഷ് രവിമോഹനൻ, ന്യൂ ഡൽഹി ശിവ് നാടാർ സർവ്വകലാശാലയിലെ ഡോ. നീലേഷ് ദഹനുകർ എന്നിവരുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ശാസ്ത്ര ജേർണൽ ആയ ജീൻൽ പ്രസിദ്ധീകരിച്ചു. കേരള വനം വന്യജീവി വകുപ്പിന്റെ സഹകരണത്തോടെയാണ് ഗവേഷണപ്രവർത്തനങ്ങൾ നടത്തിയത്.പരിണാമപരമായ ബന്ധങ്ങൾ മനസിലാക്കുന്നതിനോടൊപ്പം, പെരിയാർ കടുവാ സാങ്കേതത്തിനുള്ളിൽ ഒഴുക്ക് നിറഞ്ഞതും തണുപ്പ് കൂടിയതുമായ മലയോര അരുവികൾ എന്ന ബ്രാഹ്മണക്കണ്ടയുടെ ആവാസ വ്യവസ്ഥയെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും ശാസ്ത്രജ്ഞർക്ക് കഴിഞ്ഞു.

.തേക്കടിതടാകവും അതിലേക്കെത്തുന്ന അരുവികളുമടങ്ങിയ തുലോം പരിമിതമായ ആവാസ വ്യവസ്ഥയും പെരിയാർ തടാകത്തിലെ അധിനിവേശ മൽസ്യങ്ങളുടെ സാന്നിധ്യവും ആണ് ബ്രാഹ്മണക്കണ്ടയുടെ നിലനിൽപ്പിനെ അപകടത്തിലാക്കിയ ഘടകങ്ങൾ.ബ്രാഹ്മണക്കണ്ട ഒരു എഡ്ജ് സ്പീഷീസ് ആണ് .

ഈ മത്സ്യത്തിന്റെ മൈറ്റോകോൺഡ്രിയൽ ജീനുകളുടെ ജനിതകാംശം പശ്ചിമഘട്ടത്തിലെ മറ്റ് മത്സ്യങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ഈ പഠനത്തിലെ അറിവുകളെ ബ്രാഹ്മണക്കണ്ടയുടെ ഭാവി സംരക്ഷണത്തിനുതകും വിധം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഡോ. രാജീവ് രാഘവൻ പറഞ്ഞു.

# സോച്ച് റെഡ് ഡോട്ട് സെയിലിന് മികച്ച പ്രതികരണം

**തിരുവനന്തപുരം:** ഡിസംബർ 7ന് ആരംഭിച്ച സോച്ചിന്റെ റെഡ് ഡോട്ട് സെയിലിന് മികച്ച പ്രതികരണം. വൈവിധ്യമാർന്ന എത്നിക്ക് വസ്ത്രങ്ങൾക്ക് 50% വരെ കിഴിവ് വാഗ്ദാനം ചെയ്താണ് റെഡ് ഡോട്ട് സെയിൽ നടക്കുന്നത്.

സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, കുർത്ത സെറ്റുകൾ, ഡ്രസ് മെറ്റീരിയലുകൾ, ട്യൂണിക്കുകൾ, കഫ്താൻ എന്നിവയുൾപ്പെടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ട സോച്ച് ലുക്കുകൾ വില ഇളവിൽ ലഭിക്കും. എല്ലാ സോച്ച് സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും മുമ്പൊരിക്കലുമില്ലാത്ത വിലയിൽ 2000ലധികം വസ്ത്ര സ്റ്റൈലുകൾ അണിനിരത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും




വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡാണ് സോച്ച്. തങ്ങളുടെ വിശ്വസ്തരായ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് എത്നിക്ക് ശൈലിയുടെ എല്ലാ കാര്യങ്ങളിലും മറ്റാർക്കും നൽകാൻ കഴിയാത്ത ഡീലുകൾ നേടാനുള്ള അവസരം നൽകുന്നതിനാണ് ദ്വിവർഷ വിൽപന നടത്തുന്നത്. 749 രൂപ മുതലാണ് വില ആരംഭിക്കുന്നത് ബ്രാൻഡിന്റെ ഏറ്റവും പുതിയ ക്യാപ്സ്യൂൾ വെഡിങ് ശേഖരത്തിലെ അജയ്യമായ ഓഫറുകളാണ് വിൽപനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് soch.com സന്ദർശിക്കാം.

## ഇന്നത്തെ പരിപാടി

എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ട്: കൊച്ചി മേയേഴ്സ് കപ്പ് ഫുട്ബോൾ ടൂർണമെന്റിന്റെ ഭാഗമായി ഐ.എം.എ കൊച്ചിൻ റോക്ക് ബാന്റ് ആന്റി ഡോട്ട് അവതരിപ്പിക്കുന്ന മ്യൂസിക്കൽ ബാന്റ് വൈകിട്ട് 6 ന്

## പൂമുഖ അലങ്കാരമത്സരവുമായി അസറ്റ് ഹോംസ്

**കൊച്ചി:** ക്രിസ്തുമസ്പുതുവത്സര സീസൺ പ്രമാണിച്ച് അപ്പാർട്ടുമെന്റുകളുടേയും വില്ലകളുടേയും പൊതുപൂമുഖത്തിൽ നടത്തുന്ന അലങ്കാരങ്ങൾക്കായി പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ് മത്സരം സംഘടിപ്പിക്കുന്നു. ഫെയറി ലൈറ്റ്സ് എന്ന പേരിലുള്ള ഫോയർ ഡെക്കോർ മത്സരത്തിൽ സംസ്ഥാനത്തുടനീളമുള്ള അപ്പാർട്ടുമെന്റുകളുടേയും വില്ലാ പദ്ധതികളുടേയും ഓണേഴ്സ് അസോസിയേഷനുകൾക്ക് പങ്കെടുക്കാം.

പാർപ്പിട പദ്ധതികളുടെ പൊതുപൂമുഖം, ക്ലബ് ഹൗസ് തുടങ്ങിയ കോമൺ ഏരിയകളിൽ ഒരുക്കുന്ന ക്രിസ്തുമസ്പുതുവത്സര അലങ്കാരങ്ങളുടെ വിവിധ കോണുകളിൽ നിന്നുള്ള മൂന്ന് ആംഗ്ളിൽ നിന്നുള്ള ഫോട്ടോയും ഒരു 30 സെക്കൻഡ് വിഡിയോയും delight@assethomes.in എന്ന ഇമെയിലിൽ അയച്ച് മത്സരത്തിൽ പങ്കുചേരാം. പ്രവേശന ഫീ ഇല്ല. എൻട്രികൾ ലഭിക്കേണ്ട അവസാനതീയതി 2024 ജനുവരി 10. വിജയികൾക്ക് ഒന്നാം സമ്മാനം 1 ലക്ഷം രൂപ, രണ്ടാം സമ്മാനം 50,000 രൂപ, മൂന്നാം സമ്മാനം 25,000 രൂപ, 5000 രൂപയുടെ 10 പ്രോത്സാഹനസമ്മാനങ്ങൾ എന്നിങ്ങനെ മൊത്തം 2.25 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകൾ നൽകുമെന്ന് അസറ്റ് ഹോംസിന്റെ വാർത്താക്കുറിപ്പിൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് delight@assethomes.in 99461 00252

## പുതുവത്സരം ആഘോഷിക്കാനൊരുങ്ങി ഒ ബൈ താമര

**തിരുവനന്തപുരം:** ഈ വർഷത്തെ പുതുവത്സരാഘോഷങ്ങൾക്കൊരുങ്ങി ഒ ബൈ താമര. ഡിസംബർ 26ന് ആരംഭിച്ച തീമ്ഡ് ഡിന്നർ ബുഫേ ഡിസംബർ 30 വരെ വൈകുന്നേരം 7 മണി മുതൽ ഒ കഫേയിൽ നടക്കും. സീ ഫുഡ് ബാർബിക്യൂ ഡിന്നർ മുതൽ ഓറിയന്റൽ ഡിലൈറ്റുകൾ, തനത് സിറിയൻ രുചികൾ, മെഡിറ്ററേനിയൻ ഗ്രിൽസ്, മുഗൾ വിഭവങ്ങൾ എന്നിവ ഡിന്നറിൽ ലഭ്യമാകും. ഒപ്പം ലൈവ് ഇൻസ്ട്രുമെന്റ് സംഗീതവും ആസ്വദിക്കാം.

ഡിസംബർ 31ന് ഒ കഫേയിലും ലോൺസിലുമായി ന്യൂ ഇയർ ഡിന്നർ ആരംഭിക്കും. വൈനുകൾ, ബിയറുകൾ, മോക് ടെയിലുകൾ ഉൾപ്പെടെ ലൈവ് കൗണ്ടറുകൾ അടക്കമുള്ള ബുഫേയാണ് ന്യൂ ഇയർ ഡിന്നറിനായി സജ്ജമാക്കിയിരിക്കുന്നത്. ലൈവ് ബാൻഡ്, എൽഇഡി ഡാൻസ് ഷോകൾ എന്നിവയ്ക്ക് പുറമേ കുട്ടികൾക്കായുള്ള വിനോദ പരിപാടികളും ഒ ബൈ താമര ഒരുക്കുന്നു. 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് എല്ലാ ഇവന്റുകളിലും പ്രത്യേക ഇളവുകളും ലഭിക്കും.

## പുതുവത്സാരാഘോഷം: സുരക്ഷ തയ്യാറെടുപ്പുമായി പോലിസ്

**കൊച്ചി:** എറണാകുളം റൂറൽ ജില്ലയിലെ പുതുവത്സാരാഘോഷം പോലീസ് നിരീക്ഷണത്തിൽ. ആഘോഷങ്ങളുടെ ഭാഗമായി നേതൃത്വത്തിൽ 1500. പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുമെന്ന് ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന പറഞ്ഞു. സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രത്യേക പട്രോളിംഗ് സംഘങ്ങളുണ്ടാകും. പ്രധാന ഇടങ്ങളിൽ മഫ്ടി പോലീസിൻറെ സാന്നിധ്യമുണ്ടാകും. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. അമിത വേഗതയിലും അശ്രദ്ധമായും വാഹനമോടിക്കുന്നവർക്കെതിരെയും നടപടിയുണ്ടാകും. രാത്രി പാതയോരങ്ങളിലും മറ്റും അനധികൃത ആൾക്കൂട്ടങ്ങൾ അനുവദിക്കില്ല. പാർട്ടികളും മറ്റും പോലീസ് നിരീക്ഷണത്തിലായിരിക്കും. പാർട്ടികളിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡ് കരുതേണ്ടതാണ്. പങ്കെടുക്കുന്നവരുടെ പേര് വിവരം ഉൾപ്പെടുന്ന കാര്യങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നില്ലെന്ന് സംഘാടകർ ഉറപ്പ് വരുത്തേണ്ടതാണ്. ആഘോഷങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനുകളിലും നൽകേണ്ടതാണ്. പോലീസിൻറെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടായിരിക്കണം പരിപാടികൾ സംഘടിപ്പിക്കേണ്ടത്. മദ്യവും മയക്കുമരുന്നും പിടികൂടുന്നതിന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ അതിർത്തികളിൽ പ്രത്യേക പരിശോധനയുണ്ടാകും. പോക്കറ്റടിക്കാർ പിടിച്ചു പറിക്കാർ, ലഹരി വിൽപ്പനക്കാർ, ഗുണ്ടകൾ, തുടങ്ങിയ മുൻകാല കുറ്റവാളികളും, സാമൂഹ്യ വിരുദ്ധരും, വിവിധ കേസുകളിൽ ജാമ്യമെടുത്തിട്ടുള്ളവരും പോലീസ് നിരീക്ഷണത്തിലാണെന്നും ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന പറഞ്ഞു.



# പുതുവർഷാഘോഷത്തിനൊരുങ്ങി ദുബായ്

**ദുബായ് :** നഗരത്തിന്റെ ഗംഭീരമായ പുതുവത്സര ആഘോഷങ്ങൾക്കായി ലോകത്തിന്റെ കണ്ണുകൾ ദുബായിലേക്ക് തിരിയുമ്പോൾ, നഗരവ്യാപകവും കുടുംബസൗഹൃദവുമായ ആഘോഷങ്ങളുടെ ഒരു വലിയ നിര തന്നെ ഒരുക്കി ദുബായ് പുതുവത്സരപ്പിറവിക്ക് ഒരുങ്ങി. 2024 ജനുവരി 14 വരെ നടക്കുന്ന ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ, നിരവധി സംഗീത നിശകൾ, ബീച്ച് പാർട്ടികൾ, എല്ലാ ബജറ്റുകൾക്കുമുള്ള ആവേശകരമായ ഡൈനിംഗ് ഓപ്ഷനുകൾ, ഒഴിവാക്കാനാവാത്ത ഷോപ്പിംഗ് ഓഫറുകൾ എന്നിങ്ങനെ നിരവധി ആകർഷണങ്ങളാണ് ദുബായ് അതിഥികൾക്കായി ഒരുക്കുന്നത്.

ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ, അവിടത്തെ പുതുവത്സരരാവിലെ വെടിക്കെട്ട്, ദി ബീച്ച്, ജെബിആർ, ബ്ലൂവാട്ടേഴ്സ് എന്നിവിടങ്ങളിൽ രാത്രി ആകാശത്തെ വർണ്ണിക്കുന്ന എമറാത്ത് പെട്രോളിയം അവതരിപ്പിക്കുന്ന സിൻക്രൊണൈസ്ഡ് ഡ്രോൺ ഡിസ്പ്ലേകൾ, പാം ജുമൈറ, ബുർജ് ഖലീഫ, ബുർജ് അൽ അറബ് എന്നിവിടങ്ങളിൽ നടക്കുന്ന ഐക്കണിക് ഡിസ്പ്ലേകൾക്ക് പുറമേ, അൽ സറൂണി ഗ്രൂപ്പിന്റെ കടപ്പാടോടെ എമിറേറ്റിലുടനീളം നടക്കുന്ന കരിമരുന്നു പ്രയോഗങ്ങൾ, ഫാമിലിഫ്രണ്ട്‌ലി ഓപ്ഷനുകളുടെ എക്ലക്റ്റിക് മിക്സിൽ പഞ്ചനക്ഷത്ര ബാബ് അൽ ഷംസ് ഡെസേർട്ട് റിസോർട്ടിലെ പരമ്പരാഗത ബെഡൂയിൻ ക്രമീകരണവും ഐറിഷ് വില്ലേജ് അൽ ഗാർഹൂഡ് ഡിജെ മൈക്കി റോസ്, ആച്ച് എയ് എന്നിവരിൽ നിന്നുള്ള തത്സമയ വിനോദങ്ങളുമായി വിസ്മയങ്ങളുടെ ഒരു വർണ്ണകലവറയാണ് 2024നെ വരവേൽക്കാൻ ദുബായ് ഒരുക്കിയിരിക്കുന്നത്.ദുബായ് ഒപ്പേറ ഹൗസിൽ നടക്കുന്ന അമേരിക്കൻ ഗായകൻ ഫന്റാസ്റ്റിക് നെഗ്രിറ്റോയും ദുബായ് ഓപ്പറ ബിഗ് ബാൻഡിന്റെയും ഡിജെ സ്ലിമിന്റെയും ആവേശകരമായ ഷോ, സീറോ ഗ്രാവിറ്റി ദുബായ് സംഘടിപ്പിക്കുന്ന ബീച്ച് ഫെസ്റ്റിവൽ, റിക്സോസ് ദി പാമിൽ പ്രശസ്ത ഇംഗ്ലീഷ് സംഗീതജ്ഞൻ ജോൺ ന്യൂമാൻ നയിക്കുന്ന സംഗീത വിരുന്ന്, ബുർജ് അൽ അറബിൽ ആന്ദ്രെ റെയ്സിന്റെ നേതൃത്വത്തിലുള്ള ജനപ്രിയ ബാൻഡ് ആയ ജിപ്സി കിംഗ്സിന്റെ സംഗീതത്തിനൊപ്പം പ്രശസ്തരായ മിഷേലിൻ പാചകക്കാരുടെ അഞ്ച് കോഴ്സ് ഡിന്നർ, റാപ്പർ ബാസ്റ്റ, ഗായിക മിത്യ ഫോമിൻ എന്നിവരെപ്പോലുള്ള ആഗോള കലാകാരന്മാർ പങ്കെടുക്കുന്ന ദി തിയറ്റർ ദുബായിലെ ദി ബിഗ് ആർട്ട് ഫെസ്റ്റിവൽ, ബരാസ്തി ബീച്ചിൽ അവാർഡ് നേടിയ ഡിജെ ഫെഡ് ലെ ഗ്രാൻഡിന്റെ പ്രകടനം, ഇതിഹാസ കലാകാരന്മാരായ മൈക്കൽ ജാക്സണിന്റെയും ടീന ടർണറുടെയും പേരിൽ ആദരാഞ്ജലി അർപ്പിച്ചു എമിറേറ്റ്സ് ഗോൾഫ് ക്ലബ്ബിൽ നടക്കുന്ന പ്രത്യേക സംഗീത പരിപാടി എന്നിവ ഈ വർഷത്തെ പുതുവത്സരാഘോഷങ്ങളുടെ മാറ്റ് കൂട്ടും.

# ഭാവി ഗതാഗതത്തിന് ഹരിത പദ്ധതിയുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** പ്രകൃതി വാതകത്തിൽ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധയൂന്നി രാജ്യത്തെ പ്രമുഖ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ്. വൈദഗ്ധ്യവും നവീകരണത്തോടുള്ള പ്രതിബദ്ധതയും പ്രയോജനപ്പെടുത്തി, ഇന്ത്യയിലെ സുസ്ഥിര ഗതാഗതത്തിലേക്കുള്ള മാറ്റം രൂപപ്പെടുത്തുകയാണ് ടാറ്റ മോട്ടോഴ്സ്. ഇന്ത്യയുടെ നഗരവൽക്കരണത്തിനും സുസ്ഥിര ഗതാഗത സംവിധാനങ്ങളിലും ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ ശരിയായ ഗതാഗത തിരഞ്ഞെടുപ്പുകൾ നിർണായകമാണ്. ഇലക്ട്രിക്, ഹൈഡ്രജൻ സെൽ അധിഷ്ഠിത വാഹനങ്ങളിലേക്ക് രാജ്യം നീങ്ങുന്ന സാഹചര്യത്തിൽ, കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിന് ഒരു ഇടക്കാല പരിഹാരത്തിന്റെ ആവശ്യം ശക്തമാണ്. പരിവർത്തന ഇന്ധനം ആയി അംഗീകരിക്കപ്പെട്ട പ്രകൃതി വാതകം ഒരു അനുയോജ്യമായ പാലമായി ഇവിടെ വർത്തിക്കുന്നു.സുസ്ഥിര ഇന്ധനങ്ങളിലേക്കുള്ള പരിവർത്തനത്തിന്റെ മുൻനിരയിലാണ് ടാറ്റ മോട്ടോഴ്സെന്ന് ടാറ്റ മോട്ടോഴ്സ് ട്രക്ക്സ് വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു.

സിഎൻജിയിൽ പ്രവർത്തിക്കുന്ന വാണിജ്യ വാഹനങ്ങളുടെ വിപുലമായ ശ്രേണിയും നെറ്റ് നേടനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും. 2045ഓടെ സീറോ എമിഷൻ, സുസ്ഥിര ലോജിസ്റ്റിക്സിൽ ഞങ്ങൾ മുന്നിലാണ്. ഓട്ടോ എക്സ്പോ 2023ലെ പ്രകൃതി വാതകം, ഇലക്ട്രിക്, ഹൈഡ്രജൻ ഓപ്ഷനുകളുടെ ഞങ്ങളുടെ പ്രദർശനം ഗതാഗതത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനുള്ള ഞങ്ങളുടെ സമർപ്പണത്തെ പ്രകടമാക്കുന്നു. സിഎൻജിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ ആവശ്യം ഉയരുന്നതിനനുസരിച്ച് അനുകൂലമായ പ്രവർത്തന സാമ്പത്തിക ശാസ്ത്രവും ലഭ്യതയും വർദ്ധിക്കുന്നതിനാൽ, സീറോ എമിഷൻ വാഹനങ്ങളിലേക്കുള്ള വ്യവസായത്തിന്റെ യാത്രയിൽ പ്രകൃതി വാതകം നിർണായക പങ്ക് വഹിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒരുമിച്ച്, ഞങ്ങൾ ഹരിതവും കൂടുതൽ കാര്യക്ഷമവുമായ ഭാവിയിലേക്ക് നീങ്ങുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ദേശീയ സരസ് മേള; സംരംഭകത്വ വികസനത്തിന്റെ നൂതനാശയങ്ങൾ പകർന്ന് സെമിനാർ

**കൊച്ചി:** കുടുംബശ്രീ വനിതകൾക്ക് സംരംഭകത്വ വികസനത്തിന്റെ പുത്തൻ അറിവുകൾ പകർന്ന് ദേശീയ സരസ് മേളയുടെ ആറാം ദിവസം ശ്രദ്ധ നേടി സംരംഭകത്വ വികസനം നൂതന ആശയങ്ങൾ എന്ന വിഷയത്തിൽ അവതരിപ്പിച്ച സെമിനാർ. ബ്രഹ്മ ലേണിങ് സൊല്യൂഷൻ സിഇഒ എ. ആർ. രഞ്ജിത്ത് നയിച്ച സെമിനാറിൽ മികച്ച പങ്കാളിത്തമാണ് ലഭിച്ചത്.വീടുകളിൽ നിന്നും പുറത്തേക്കിറങ്ങി സ്വന്തം കാലിൽ നിൽക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് ഒരു സംരംഭം എങ്ങനെ തുടങ്ങാം, ഏതെല്ലാം രീതിയിൽ പുതിയ സംരംഭക വഴികൾ കണ്ടെത്താം, അതിന് ഏതെല്ലാം രീതിയിൽ പ്രവർത്തിക്കണം തുടങ്ങിയ വിഷയങ്ങളിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് സെമിനാർ പ്രചോദനം നൽകി. സംരംഭകത്വത്തിന്റെ നൂതന ആശയങ്ങൾക്കൊപ്പം സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് മാനസികമായ ഊർജം പകർന്നു നൽകുന്നതിനും സെമിനാറിലൂടെ സാധിച്ചു.

ഏതൊരു ബിസിനസ് ചെയ്യാൻ ആഗ്രഹിക്കുമ്പോഴും വ്യക്തമായ പ്ലാൻ ഉണ്ടായിരിക്കണം. ആ പ്ലാൻ നടപ്പിൽ വരുത്തുവാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തണം. അവസരങ്ങൾ പ്രയോജനപ്പെടുത്തണം. ചെയ്യാൻ പോകുന്ന കാര്യത്തിലുള്ള താല്പര്യം പൂർണമായ രീതിയിൽ ഉപയോഗപ്പെടുത്തുകയാണെങ്കിൽ അടുത്തഘട്ടത്തിലേക്ക് വളരെ എളുപ്പത്തിൽ കടക്കാൻ സാധിക്കും. ചെയ്യുന്ന ബിസിനസ് ഒരു ബ്രാൻഡ് ആയി ഉയരണമെന്നും അതിനുള്ള മാർഗങ്ങൾ എന്തെല്ലാമെന്നും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി സെമിനാറിൽ വിശദീകരിച്ചു.

ചടങ്ങിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ ഓഡിനേറ്റർമാരായ അമ്പിളി തങ്കപ്പൻ, എം ഡി സന്തോഷ്, കുടുംബശ്രീ വനിതകൾ തുടങ്ങിയവർ പങ്കെടുത്തു.

## പുതുവത്സരത്തിൽ ക്രിസ്മസ് ന്യൂ ഇയർ ലൈറ്റിംഗുമായി വിനോദസഞ്ചാര വകുപ്പ്

**കൊച്ചി:** പുതുവത്സരാഘോഷങ്ങൾക്ക് മാറ്റുകൂട്ടുവാൻ ഇല്ല്യുമിനേറ്റിങ് ജോയ് സ്പ്രെഡ്ഡിംഗ് ഹാർമണി പരിപാടിയുമായി വിനോദസഞ്ചാര വകുപ്പ്. ജില്ലയിൽ ആദ്യമായി കൊച്ചി മറൈൻ ഡ്രൈവിലും പരിസരത്തുമാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഡിസംബർ 30 ന് വൈകിട്ട് ആറിന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവഹിക്കും. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

ഡിസംബർ 30 മുതൽ 2024 ജനുവരി അഞ്ചുവരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ടൂറിസം ഡയറക്ടർ പി ബി നൂഹ്, ടി ജെ വിനോദ് എംഎൽഎ, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ എം ഹുസൈൻ, കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരായ പത്മജാ മേനോൻ, മനു ജേക്കബ്, മിനി ദിലീപ് തുടങ്ങിയവർ പങ്കെടുക്കും.

# എൻ സി ആർ എം ഐ ഉൽപന്നങ്ങളുടെ ലോഞ്ചിംഗ് മന്ത്രി പി രാജീവ് നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണസ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) വികസിപ്പിച്ചെടുത്ത അഞ്ച് ഉല്പന്നങ്ങളുടെ ലോഞ്ചിങ്ങും ഉദ്ഘാടനകർമ്മവും നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും. ജനുവരി 3ന് വൈകിട്ട് 4 ന് നടക്കുന്ന ചടങ്ങിൽ വി. കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. പ്രമുഖ ഗവേഷകർ, സർക്കാർ പ്രതിനിധികൾ, എക്സ്പോട്ടേഴ്സ്, കയർ രംഗത്ത് നിന്നുള്ള നിരവധി പ്രമുഖർ എന്നിവർ പങ്കെടുക്കും. റോഡ് നിർമാണത്തിനായി വികസിപ്പിച്ചെടുത്ത കയർ ഡിവൈഡർ, കൊക്കോഓറ എന്ന എയർഫ്രഷ്നർ, കയറിന്റെ റണ്ണേജ് ഒരു മിനിട്ടിനുള്ളിൽ നിർണയിക്കുവാൻ സാധിക്കുന്ന ഡിജിറ്റൽ കയർ റണ്ണേജ് മീറ്റർ, ചെടികളുടെ വളർച്ചയ്ക്കാവശ്യമായ ഒരു ജൈവ നടീൽ മിശ്രിതമായ കൊക്കോറനർച്ചർ, കയർപിത്തും ടെൻഡർ കോക്കനട്ടിന്റെ പൊടിച്ച മിശ്രിതവും ഉപയോഗിച്ചുള്ള കമ്പോസ്റ്റിങ് പ്രക്രിയ വേഗത്തിലാക്കുവാനായി രൂപകല്പന ചെയ്ത ട്രൈക്കോപിത്ത് പ്രോ എന്നീ ഉൽപന്നങ്ങളുടെ ലോഞ്ചിംഗാണ് ചടങ്ങിൽ നടക്കുന്നത്.

# പേടിഎം 1000 ജീവനക്കാരെ പിരിച്ചുവിട്ടു

**കൊച്ചി:** ഓൺലൈൻ പേയ്മെൻറ് സ്ഥാപനമായ പേടിഎം കാര്യക്ഷമത വർധിപ്പിക്കുന്നതിനായി നിർമിതബുദ്ധി സാങ്കേതിക വിദ്യ (എഐ) നടപ്പാക്കിയതോടെ 1,000 ജീവനക്കാർക്ക് ജോലി പോയി.

സെയിൽസ്, ഓപ്പറേഷൻസ്, എൻജിനീയറിങ് തുടങ്ങിയ വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ജോലി നഷ്ടമായത്. ഇത് പേടിഎമ്മിൻറെ ആകെ തൊഴിലാളികളുടെ എണ്ണത്തിൻറെ പത്ത് ശതമാനത്തോളം വരും. 2021ൽ കമ്പനി 500 മുതൽ 700 വരെ തൊഴിലാളികളെ പിരിച്ചുവിട്ടിരുന്നു.

കമ്പനിയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി നിർമിത ബുദ്ധി സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ മാറ്റം വരുത്തിയെന്നും ഇത് ജീവനക്കാരുടെ ചെലവിൽ 10-15 ശതമാനം ലാഭിക്കാൻ സഹായിച്ചതായും പേടിഎമ്മിൻറെ മാതൃസ്ഥാപനമായ വൺ97 കമ്യൂണിക്കേഷൻസിൻറെ വക്താവ് അറിയിച്ചു.

# എഴുമാന്തുരുത്തിൽ ടൂറിസം ഫെസ്റ്റ് ഇന്ന് മുതൽ

**എഴുമാന്തുരുത്ത് :** കടുത്തുരുത്തി പഞ്ചായത്തിന്റെ രണ്ടാമത് ടൂറിസം ഫെസ്റ്റ് 27 മുതൽ 31 വരെ എഴുമാന്തുരുത്തിൽ നടക്കും. ലോക ടൂറിസം മാപ്പിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശമാണ് എഴുമാന്തുരുത്ത്. പുഴകളും കായലും കനാലുകളും നെൽവയലുകളും വിവിധയിനം പക്ഷികളും നിറഞ്ഞ ശാന്തസുന്ദരമായ പ്രദേശമാണ് കടുത്തുരുത്തി പഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശമായ എഴുമാന്തുരുത്ത്. ആയാംകുടിയിലും കാന്താരിക്കടവിലും എഴുമാന്തുരുത്തിലും ഇപ്പോൾ സ്വകാര്യ സംരംഭകർ സഞ്ചാരികളുമായി ബോട്ടിലും ശിക്കാരി വള്ളങ്ങളിലും കരിയാറിലൂടെ യാത്ര നടത്തുന്നുണ്ട്.

നാടൻവിഭവങ്ങളും വിവിധ കാഴ്ചകളും സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. ടൂറിസം ഫെസ്റ്റിൽ സഞ്ചാരികൾക്കായി വിപുലമായ സൗകര്യങ്ങളാണ് കടുത്തുരുത്തി പഞ്ചായത്തും ഉത്തരവാദ ടൂറിസം മിഷനും ചേർന്ന് ഒരുക്കുന്നത്. പുഴകളിലും കനാലുകളിലും സഞ്ചാരികൾക്ക് അപകടരഹിതമായി സഞ്ചരിച്ച് കാഴ്ചകൾ കാണുന്നതിനു സൗകര്യമുണ്ടാകും. കയാക്കിങ് ചെയ്യുന്നതിന് തദ്ദേശീയ ഉത്തരവാദ ടൂറിസം ക്ലബ്ബും ഉത്തരവാദടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ സംരംഭകരും അവസരമൊരുക്കും.ടൂറിസം കയാക്കിങ് , ചെറു വള്ളംകളി മത്സരം, ചൂണ്ടയിടൽ മത്സരം, വലവീശൽ മത്സരം, കൊതുമ്പ് വള്ളങ്ങളുടെ മത്സരം എന്നിവയുണ്ടാകും. കൂടാതെ ഫുഡ് ഫെസ്റ്റ്, നാടൻവിഭവങ്ങളുടെ പ്രദർശനവും വിൽപനയും കാർഷികമേള, ആമ്പൽ വസന്തം, ഉത്തരവാദ ടൂറിസം ഉൽപന്നങ്ങൾ, കരകൗശല ഉൽപന്നങ്ങൾ, കുടുംബശ്രീ ഉൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപനയും സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു. സ്വാഗതസംഘ ഓഫിസ് കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് എൻ.ബി. സ്മിത ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളായ കെ.എസ്. സുമേഷ്, കെ.സി. പ്രമോദ്, പൗളി ജോർജ്, കെ.വി. സുകുമാരി, ലൈസാമ്മ മാത്യു സംഘാടകസമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു




# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം

**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതിനായി ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും 5 സീനിയർ റെസിഡന്റ് തസ്തികകളും സൃഷ്ടിച്ചു. അതിസങ്കീർണമായ രോഗാവസ്ഥകളിൽ നിന്ന് രോഗികളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിക്കുന്ന ഒരു മികച്ച ചികിത്സാ സംവിധാനമാണ് ക്രിട്ടിക്കൽ കെയർ. ഗുരുതര രോഗബാധ കാരണം അവയവങ്ങളുടെ പരാജയം നേരിടുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കി അതിജീവനം സാധ്യമാക്കുകയാണ് ക്രിട്ടിക്കൽ കെയർ വിഭാഗം ചെയ്യുന്നത്. ഭാവിയിൽ ക്രിട്ടിക്കൽ കെയർ മെഡിസിനിൽ ഡി.എം. കോഴ്സ് ആരംഭിക്കാനും ഈ രംഗത്ത് കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാനും ഇതിലൂടെ സാധ്യമാകുന്നതായും മന്ത്രി വ്യക്തമാക്കി. ഹൃദയാഘാതം, സ്ട്രോക്ക്, ശ്വാസകോശ അണുബാധ, അവയവ പരാജയം, മസ്തിഷ്ക രോഗങ്ങൾ, ക്യാൻസർ, ട്രോമകെയർ, ഗുരുതരാവസ്ഥയിലുള്ള ഗർഭിണികൾ തുടങ്ങിയ തീവ്രപരിചരണത്തിനായി ഐസിയുവിൽ എത്തുന്ന പല തരം രോഗികൾക്ക് അത്യാധുനിക തീവ്രപരിചരണം ലഭ്യമാക്കി ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ക്രിട്ടിക്കൽ കെയർ വിഭാഗത്തിന് കഴിയുന്നു. അഡ്വാൻസ്ഡ് ഹീമോഡൈനാമിക് മോണിറ്ററിംഗ്, ജീവൻ നിലനിർത്താനായി അത്യാധുനിക വെന്റിലേറ്റർ മാനേജ്മെന്റ്, ഹൃദയമിടിപ്പ് നിലനിർത്തൽ, രക്തസമ്മർദ നിയന്ത്രണം, അവയവ സംരക്ഷണം, കരളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ, അണുബാധയ്ക്കുള്ള ചികിത്സ എന്നിവയും ക്രിട്ടിക്കൽ കെയറിൽപ്പെടുന്നു.

ഗുരുതര രോഗികൾ, ശസ്ത്രക്രിയ കഴിഞ്ഞവർ, വൃക്ക രോഗികൾ, ഹൃദ്രോഗികൾ തുടങ്ങിയവർ, പല അവയവങ്ങൾക്ക് (മൾട്ടി ഓർഗൻ) ഗുരുതര പ്രശ്നമുള്ളവർ, എ.ആർ.ഡി.എസ്., രക്താതിമർദം, വിഷാംശം ഉള്ളിൽ ചെല്ലുക എന്നിവയെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ച് ചികിത്സ നൽകാൻ പ്രത്യേക പരിശീലനം ലഭിച്ച ക്രിട്ടിക്കൽ കെയർ ടീമിന് കഴിയുന്നു. ക്രിട്ടിക്കൽ കെയർ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് മെഡിക്കൽ പ്രൊഫഷണലുകൾ എന്നിവർ ചേർന്ന ടീമാണ് രോഗിയെ പരിചരിക്കുന്നത്. ക്രിട്ടിക്കൽ കെയർ വിഭാഗം ആരംഭിക്കുന്നത് ഡോക്ടർമാരുടെ പരിശീലനത്തിനും ഏറെ സഹായിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി ഐസിയുവിലാണ് ക്രിട്ടിക്കൽ കെയർ ചികിത്സ ലഭ്യമാക്കി വരുന്നത്. അഡ്വാൻസ്ഡ് വെന്റിലേറ്റർ മാനേജ്മെന്റ്, ക്രിട്ടിക്കൽ കെയർ രംഗം എന്നിവയിൽ പ്രത്യേകം പരിശീലനം സിദ്ധിച്ചവരേയാണ് ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ നിയമിക്കുന്നത്. രക്തത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞാൽ പരിഹരിക്കുന്ന എക്മോ മെഷീൻ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. ക്രിട്ടിക്കൽ കെയർ വിഭാഗം യാഥാർത്ഥ്യമാകുന്നതോടെ ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാനാകും.

# സീസണിലെ ഏറ്റവും താഴ്ന്ന താപനില, മൂന്നാറിൽ അതിശൈത്യം; സഞ്ചാരികളുടെ തിരക്ക്



**തൊടുപുഴ:** ക്രിസ്മസ് ന്യൂഇയർ അവധി ആഘോഷിക്കാൻ ഇടുക്കിയിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൻ തിരക്ക്. ചെറുതും വലുതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം വലിയ ജനത്തിരക്കുണ്ട്. അതിശൈത്യം ആരംഭിച്ചതോടെ മൂന്നാറിൽ വിനോദ സഞ്ചാരികളുടെ തിരക്കേറി. ശനിയാഴ്ച മുതലാണ് മൂന്നാറിൽ സഞ്ചാരികളുടെ തിരക്ക് ആരംഭിച്ചത്.

ഒരാഴ്ചത്തെ ഇടവേളയ്ക്ക് ശേഷം മൂന്നാറിൽ തണുപ്പും കഴിഞ്ഞ രണ്ടുദിവസമായി ശക്തമായി. സീസണിലെ ഏറ്റവും താഴ്ന്ന താപനിലയായ നാല് ഇന്നലെ രേഖപ്പെടുത്തി. ചെണ്ടുവര, തെന്മല, കുണ്ടള,ചിറ്റുവര എന്നിവിടങ്ങളിലാണ് ഇന്നലെ നാല് ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയത്. മൂന്നാർ ടൗൺ, നല്ലതണ്ണി എന്നിവിടങ്ങളിൽ ആറും മാട്ടുപ്പെട്ടിയിൽ എട്ടുമായിരുന്നു ഇന്നലത്തെ താപനില. സഞ്ചാരികളുടെ വരവ് വർധിച്ചതോടെ ടൗൺ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഗതാഗത കുരുക്കും പതിവായി.

വന്നുപോകുന്ന സഞ്ചാരികളാണ് ഇപ്പോൾ അധികവും. ക്രിസ്മസ് കഴിഞ്ഞ് ന്യൂഇയർ വരെയുള്ള ദിവസങ്ങളിലാണ് ഹോട്ടൽ മുറികളിലും ഹോംസ്റ്റേകളിലും തിരക്ക് വർധിക്കുന്നത്. കാലാവസ്ഥയും അനുകൂലമായതോടെ വരും ദിവസങ്ങളിൽ വാഗമൺ സഞ്ചാരികളെക്കൊണ്ട് നിറയാനാണ് സാധ്യത.

വാഗമണ്ണിലെ മൊട്ടക്കുന്നുകൾ, പൈൻ ഫോറസ്റ്റ്, വിവിധ വ്യൂ പോയന്റുകൾ, തേയിലത്തോട്ടങ്ങൾ, അഡ്വഞ്ചർ പാർക്ക്, സിനിമ ഷൂട്ടിങ് ലൊക്കേഷനുകൾ എന്നിവയിലെല്ലാം വൻ തിരക്കാണ്. തമിഴ്നാട്ടിൽ നിന്നുള്ള സഞ്ചാരികളും ധാരാളമുണ്ട്.

# ഒമിക്രോൺ ജെ.എൻ.1 കേരളത്തിലും: ലക്ഷണങ്ങളും പ്രതിരോധവും



**ഡോ. ഡിപിൻ കുമാർ പി യു**
(ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ആസ്റ്റർ മിംസ്, കോഴിക്കോട്)

കേരളം ഇപ്പോൾ കൊവിഡ് 19 വൈറസിന്റെ പുതിയ വകഭേദമായ ഒമിക്രോൺ ജെ.എൻ.1 ആവിർഭാവത്തിന് സാക്ഷ്യം വഹിക്കുകയാണ്. അതി നൂതന നിർണ്ണയ സംവിധാനങ്ങൾ പിന്തുടരുന്നതിനാൽ അതിവേഗം വൈറസിനെ തിരിച്ചറിയാനും മുന്നറിയിപ്പ് നൽകാനും സാധിച്ചു. അതിവേഗം പടരുന്ന കൊവിഡ് വകഭേദമായതിനാൽ ഒമിക്രോൺ ജെ.എൻ.1 , കേരളത്തിലും റിപ്പോർട്ട് ചെയ്തതോടെ വരും ദിവസങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണങ്ങളും പ്രതീക്ഷിക്കാം.

**ആശങ്കയും ലക്ഷണങ്ങളും**

സാധാരണ കോവിഡ് ലക്ഷണങ്ങളായ പനി, തലവേദന, തൊണ്ടവേദന തുടങ്ങിയവ തന്നെയാണ് പുതിയ വകഭേദമായ ഒമിക്രോൺ ജെ.എൻ.1 ലും കണ്ടുവരുന്നത് എന്നാൽ പല രാജ്യങ്ങളിലും ബാധിക്കപ്പെട്ടവരിൽ ചെറിയ ലക്ഷണങ്ങളിൽ തുടങ്ങി നാലോ അഞ്ചോ ദിവസം നീണ്ടുനിൽക്കുന്ന ശ്വാസംമുട്ടൽ, കടുത്ത ചുമ പോലുള്ള കൂടുതൽ രോഗലക്ഷണങ്ങളിലേക്ക്



മാറുന്നതായാണ് കാണപ്പെടുന്നത്.എന്നാൽ രോഗപ്രതിരോധശേഷി കുറഞ്ഞവരിൽ പുതിയ ലക്ഷണങ്ങളായ വിശപ്പില്ലായ്മ തുടർച്ചയായ മനംപുരട്ടൽ എന്നിവകൂടാതെ അമിതമായ ക്ഷീണം തളർച്ച പേശികളിലെ വേദന എന്നിവ കണ്ടുവരുന്നുണ്ട്. മറ്റു കോവിഡ് രോഗികളിൽനിന്നും വിഭിന്നമായി ചിലരിൽ ഗ്യാസ് സംബന്ധമായ ബുദ്ധിമുട്ടുകളും ദഹന വ്യവസ്ഥയെ ബാധിക്കുന്നതിനാൽ തുടർച്ചയായ ഛർദി, മനംപിരട്ടൽ എന്നിവയും പുതിയ വകഭേദത്തിൽ പ്രകടമാണ്. കേരളത്തിലെ കാലാവസ്ഥ പ്രകാരം ശ്വസനേന്ദ്രിയ അണുബാധ സ്വാഭാവികമായ സാഹചര്യത്തിൽ ലക്ഷണങ്ങളെ ശ്രദ്ധിക്കാതെ പോകുന്നതും സ്വാഭാവികമാണ്. മറ്റു അണുബാധകൾപോലെയാണ് പുതിയ വകഭേദമായ ഒമിക്രോൺ ജെ.എൻ.1 എന്നതാണ് ശ്രദ്ധിക്കാതെ പോകുന്നതിന്റെ കാരണം ഇത് ഒരുപക്ഷെ വലിയ തോതിലുള്ള രോഗവ്യാപനത്തിനു കാരണമാകാം. അതിനാൽ ലക്ഷണങ്ങൾ പ്രകടമാകുമ്പോൾ സൂക്ഷിക്കണം.

**രോഗവ്യാപനം പേടിക്കേണ്ടതുണ്ടോ**

കഴിഞ്ഞ ഏതാനും മാസങ്ങളായി ലോകരാജ്യങ്ങളിൽ പടരുന്ന കൊവിഡിന്റെ ഒരു അപ്ഡേറ്റഡ് വേർഷനാണ്. വളരെ പെട്ടെന്ന് തന്നെ ഇത് നമ്മുടെ കേരളത്തിൽ എത്തിയതും ആശങ്കപ്പെടുത്തുന്ന ഒന്നാണ്. ആളുകളിൽ പ്രതിരോധശേഷി കുറഞ്ഞുവരുന്നതും വൈറസുകൾ സ്വയം ശക്തി പ്രാപിക്കുന്നതും രോഗികളിൽ പുതിയ ലക്ഷണങ്ങൾ കൊണ്ടുവരുന്നതിന് കാരണമാണ്. ജെ.എൻ.1 മറ്റു കോവിഡ് വകഭേദങ്ങളെ ആപേക്ഷിച് വ്യാപനശേഷി കൂടുതലാണ് എന്നാൽ വേണ്ടത്ര മുൻകരുതൽ എടുക്കുന്നതിലൂടെ ഒരു പരിധിവരെയെങ്കിലും തടഞ്ഞു നിർത്താവുന്നതുമാണ്.

**ആഘോഷങ്ങൾ ആശങ്കയോ**

ക്രിസ്തുമസ് പുതുവത്സര അവധികൾ പ്രമാണിച് ലോകത്താകമാനം നിരവധിപേർ അന്താരാഷ്ട്ര യാത്രചെയ്യുന്ന സാഹചര്യമുണ്ട് ഇത് വലിയ രീതിയിലുള്ള വ്യാപനത്തിന് കാരണമാകും.എന്നാൽ മുൻപ് കോവിഡ് ബാധിച്ചവരിലും വാക്സിൻ എടുത്തവരിലും പ്രതിരോധശേഷി ഉണ്ടാകുമെന്നും ഇത് രോഗബാധയിൽ നിന്നും സംരക്ഷണം നൽകുമെന്നും. ലക്ഷണങ്ങൾ പ്രകടമെങ്കിൽ പൊതുഇടങ്ങളിൽ നിന്ന് മാറിനിൽക്കുന്നതും വ്യാപനം തടയാൻ സഹായകമാകുന്നതാണ്.




**പ്രായമായവരിൽ രോഗം വില്ലനോ**

മുൻകാല കോവിഡ് ബാധകൾ പോലെ തന്നെ യുവാക്കളിൽ കാര്യമായി ബാധിക്കാതെയും പ്രായമായവരിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചും കടന്നുപോവുന്ന രീതിതന്നെ തുടരുന്ന സാഹചര്യത്തിനുള്ള സാധ്യതകളാണ് കൂടുതലായും കാണുന്നത്. അതിനാൽ തന്നെ പ്രായമായവരും മറ്റുരോഗങ്ങൾ അലട്ടുന്നവരും രോഗപ്രതിരോധത്തിനുള്ള നിർദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

നമ്മുടെ നാട്ടിൽ ജനസാന്ദ്രത കൂടിയിരിക്കുന്നതിനാലും പൊതുകൂടിവരവുകൾ കൂടുതലായതിനാലും കാലാവസ്ഥയുടെ മാറ്റങ്ങൾ കാരണവും വ്യാപനനിരക്ക് കൂടുന്നതിനു സാധ്യതയുണ്ട്, ആയതിനാൽ താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ദിക്കണം.പ്രായമായവരും പ്രമേഹം, രക്താതിമർദ്ദം, കാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിയവയുമുള്ളവർ പുറത്ത് പോകുമ്പോഴെല്ലാം നിർബന്ധമായും മാസ്ക് ഉപയോഗിക്കാനും സാനിറ്റൈസർ ഉപയോഗിച്ചു കൈകൾ വൃത്തിയാക്കാനും തിരികെ വീട്ടിലെത്തുമ്പോൾ കൈകൾ ഇടയ്ക്കിടെ കഴുകാനും പ്രത്യേകം ശ്രദ്ധിക്കണം.നിലവിൽ ജീവിതശൈലീരോഗങ്ങൾക്കു ചികിത്സ എടുക്കുന്നവർ അതിനു ഒരു മുടക്കവും വരുത്തരുത്, ഒപ്പം പ്രതിരോധശേഷി നിലനിർത്താൻ ആവശ്യമായ മുൻകരുതൽ എടുക്കുകയും വേണം.മഞ്ഞുകാലമായതിനാൽ ചുമയും തൊണ്ടവേദനയും സ്വാഭാവികമാണ് എന്നിരുന്നാലും ലക്ഷണങ്ങളുണ്ടെങ്കിൽ ചികിത്സതേടാതെയിരിക്കരുത്, സ്വയം ചികിത്സ പൂർണമായും ഒഴിവാക്കുക.ഒമിക്രോൺ ജെ.എൻ.1 കോവിഡിന്റെ തീവ്രത കുറവായിരിക്കാമെങ്കിലും രോഗം ബാധിച്ച് ഭേദപ്പെട്ടാലും കൂടുതൽ പേരിലും എതെങ്കിലും തരത്തിലുള്ള കോവിഡാനന്തര രോഗങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്, ഇത് മനസിലാക്കി തുടർന്നും വേണ്ട വൈദ്യസഹായം അത്യാവശ്യമാണ്.വാക്സിനേഷൻ ഷെഡ്യൂൾ പൂർത്തിയാക്കാത്തവർ നമുക്കിടയിൽ ധാരാളമുണ്ട് അവർ കഴിയാവുന്നത്ര വേഗം വാക്സിനേഷൻ ഷെഡ്യൂൾ പൂർത്തിയാക്കണം.വാക്സിനേഷൻ എടുത്തവരിലും പുതിയ വകഭേദം രോഗമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിലും രോഗതീവ്രത കുറവായിരിക്കുമെന്ന് മനസ്സിലാക്കിയിരിക്കണം.ക്രിസ്തുമസ് ന്യൂഇയർ ആഘോഷങ്ങൾക്ക് ആൾകൂട്ടങ്ങൾ കഴിവതും ഒഴിവാക്കുകയും, രോഗസാധ്യത കൂടുതലുള്ള സന്ദർഭങ്ങളിലും സ്ഥലത്തും മാസ്ക് ഉപയോഗിക്കാനും ശ്രദ്ധിക്കണം.ആശുപത്രികൾ, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ, അടഞ്ഞ ഏ സി മുറികൾ, എന്നിവിടങ്ങളിലും ഉത്സവങ്ങൾ, പൊതുയോഗങ്ങൾ തുടങ്ങിയ ആൾകൂട്ട സ്ഥലങ്ങളിലും മാസ്ക് ഉപയോഗിക്കുന്നത് ശീലമാക്കണം.

കേരളം ഇപ്പോൾ കൊവിഡ് 19 വൈറസിന്റെ പുതിയ വകഭേദമായ ഒമിക്രോൺ ജെ.എൻ.1 ആവിർഭാവത്തിന് സാക്ഷ്യം വഹിക്കുകയാണ്. അതി നൂതന നിർണ്ണയ സംവിധാനങ്ങൾ പിന്തുടരുന്നതിനാൽ അതിവേഗം വൈറസിനെ തിരിച്ചറിയാനും മുന്നറിയിപ്പ് നൽകാനും സാധിച്ചു. അതിവേഗം പടരുന്ന കൊവിഡ് വകഭേദമായതിനാൽ ഒമിക്രോൺ ജെ.എൻ.1 , കേരളത്തിലും റിപ്പോർട്ട് ചെയ്തതോടെ വരും ദിവസങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണങ്ങളും പ്രതീക്ഷിക്കാം.

# താളംതെറ്റി കൊയ്ത്തും വിതയും



**കോട്ടയം:** ഒക്ടോബറിൽ അവസാനിക്കേണ്ട വിരിപ്പ് കൊയ്ത്ത് അപ്പർകുട്ടനാട്ടിൽ അവസാനിച്ചിട്ടില്ല. നവംബറിൽ വിതയ്ക്കേണ്ട പുഞ്ചകൃഷി ഡിസംബറിലും വിതയ്ക്കാനായിട്ടില്ല. കഴിഞ്ഞ പുഞ്ചയിലെയും ഈ വിരിപ്പിലെയും നെല്ലിന് വില ലഭിക്കാത്ത കർഷകർ പലരാണ്. നെൽകർഷകരെ കൈയൊഴിഞ്ഞ് സർക്കാർ കൊള്ളക്കൂലി വാങ്ങി തൊഴിലാളികളും തരിപ്പണമാക്കിയിരിക്കുന്നു. വിത്തിനും വളത്തിനും കീടനാശിനിക്കും വില ഉയരുന്നു. കഷ്ടനഷ്ടങ്ങളിൽ മനംമടുത്ത് ആയിരക്കണക്കിന് കർഷകർ പുഞ്ചകൃഷി വേണ്ടെന്നുവച്ചിരിക്കുന്നു. എന്താണ് നെല്ലിനും നെൽകർഷകർക്കും സംഭവിക്കുന്നത്.

നിലംപൊത്തി പതിരായ കർഷകരുടെ സ്വപ്നങ്ങൾക്കു മുൻപിൽ നിലപാടില്ലാതെ സർക്കാർ നിലകൊള്ളുകയാണ്. ഒരേക്കറിലെ ശരാശരി നെൽകൃഷിച്ചെലവ് അര ലക്ഷം രൂപ. കഴിഞ്ഞ സീസണിൽ നെല്ല് വിറ്റുകിട്ടിയത് നാൽപതിനായിരം രൂപ. പതിനായിരം രൂപയുടെ മാത്രമല്ല അഞ്ചു മാസത്തെ രാപകൽ അധ്വാനംകൂടിയാണ് നഷ്ടം. എക്കാലവും കടക്കാരും കൈക്കാശില്ലാത്തവരുമാണ് നെൽകർഷകർ. നീണ്ടൂരിലെ കർഷകൻ മറ്റം ശശി അനുഭവം പറഞ്ഞു.

സ്വന്തം പാടത്തു കൃഷി ചെയ്ത് ഉണ്ണാമെന്ന് ഇനിയാരും കരുതേണ്ട. ഇവിടത്തെ പാടങ്ങൾ തരിശുകിടന്ന് കാടുകയറാൻ ഏറെക്കാലം വേണ്ടിവരില്ല. യാതൊരു മനസാക്ഷിയുമില്ലാതെ തൊഴിലാളികൾ കൊള്ളക്കൂലി വാങ്ങുകയാണ്. യന്ത്രവാടക ഓരോ വർഷവും കൂട്ടുന്നു. വിത്തിനും വളത്തിനും വില കൂടുന്നു. ഇതേ പാടത്തെ മറ്റൊരു കർഷകൻ ജോയി കൂട്ടിച്ചേർത്തു.

കുമരകത്തെ കർഷകൻ പി.ടി. കുര്യൻ കൃഷിച്ചെലവ് നിരത്തുകയാണ്. ഒരേക്കർ പാടത്തിന് പാട്ടക്കൂലി 18,000 രൂപ. പാടം ഉഴുതാൻ ട്രാക്ടർ വാടക 1,200 രൂപ. ഡ്രില്ലറിന് 2200. കട്ട അടിച്ചുനിരത്താൻ സ്ത്രീത്തൊഴിലാളിക്ക് 600 വീതം അഞ്ചാൾക്ക് 3500 രൂപ. ഒരു കിലോ നെൽവിത്തിന് 44 രൂപ. ഏക്കറിന് 50 കിലോ കണക്കിൽ 2,200 രൂപ. കിളിർക്കാതെ വന്നാൽ രണ്ടാമതും വിതയ്ക്കണം.

കളനാശിനി, കീടനാശി ഏക്കറൊന്നിന് ചെലവ് 8,000 രൂപ. ഫാക്ടംഫോസ്, പൊട്ടാഷ്, യൂറിയ മൂന്നു വളപ്രയോഗത്തിന് 10,000 രൂപ. കൊയ്ത്ത് യന്ത്രം വാടക മണിക്കൂറിന് 18002500. നൂറു കിലോ നെല്ല് ചാക്കിൽ വാരാൻ 40 രൂപ. ഇത്രയും ലോഡ് ചെയ്യാൻ 162 രൂപ. ഇതര ചെലവ് വേറെയും വരും.

ആറു മണിക്കൂറാണ് പാടത്തെ ജോലി. ആണാളിന് കൂലി 1000 1200 രൂപ. പെണ്ണാളിന് 600 രൂ. ഒരേക്കറിൽ 20 ക്വിൻറൽ അധികം വിളഞ്ഞാൽ പരമാവധി പതിനായിരം രൂപ വരെ ലാഭം കിട്ടാം. വിളവ് 15 ക്വിൻറലിൽ താഴെയെങ്കിൽ കൈ പൊള്ളും, കാശുപോകും. കൂലിച്ചെലവ് ഇങ്ങനെയൊക്കെ നിരത്തുമ്പോൾ കർഷകചൂഷണത്തിൻറെ മറുവശംകൂടി അറിയണം.

ഒരു ക്വിൻറൽ നെല്ല് സപ്ലൈകോ സംഭരിച്ച കുത്തുമില്ലുകളെ ഏൽപ്പിക്കുമ്പോൾ മൂന്നു കിലോ മുതൽ ഏഴു കിലോ വരെ കിഴിവു തള്ളും. ഈർപ്പം, കറവൽ, പതിര് കാരണങ്ങളാണ് മില്ലുകാർ നിരത്തുന്നത്. ഉദ്യോഗസ്ഥരുടെയും ഇടനിലക്കാരുടെയും മൗനസമ്മതത്തിൽ മില്ലുകാരുടെ ഈ ചൂഷണം കാലങ്ങളായി തുടരുകയാണ്. 100 കിലോ നെല്ലിന് 28 കിലോ വരെ കിഴിവു തള്ളിയ അനുഭവങ്ങളുണ്ട്.

ഇവിടത്തെ ഉമ, ജ്യോതി തുടങ്ങിയ മേൽത്തരം വിളവ് സ്വകാര്യ മില്ലുകാർ സിവിൽ സപ്ലൈസ് കോർപറേഷനുവേണ്ടി കൂലിക്ക് കുത്താൻ ഏറ്റെടുക്കുമ്പോൾ അതിൽ പകുതിപോലും അരിയായി റേഷൻ കടകളിലെത്തുന്നില്ല. ഇതര സംസ്ഥാനങ്ങളിൽനിന്ന് മോശം നെല്ല് വാങ്ങി സർക്കാരിന് അത് തിരികെക്കൊടുക്കും.

ഇവിടത്തെ നെല്ല് കിലോ 55 രൂപക്കു മുകളിൽ വിറ്റ് ലാഭം കൊയ്യുന്നു. അത്തരത്തിൽ ഒരു കിലോ നെല്ലിൽ ലാഭം മുപ്പതു രൂപ വരെ.

കേന്ദ്ര സബ്സിഡി വർധിപ്പിച്ചതിനാൽ ഇക്കൊല്ലം ന്യായമായി 30 രൂപ ലഭിക്കേണ്ടതാണ്. അതൊന്നും വേണ്ട. നടപ്പുവില നെല്ല് വിറ്റാലുടൻ നൽകിയാൽ മതിയായിരുന്നു.



## ഫ്രിസ്ബീയുടെ ടോയ്സ് ഷോറൂം സെൻറർ സ്ക്വയർ മാളിൽ

**കൊച്ചി:** ഫ്രിസ്ബീയുടെ അഞ്ചാമത്തെ ടോയ്സ് ഷോറൂം കൊച്ചി സെൻറർ സ്ക്വയർ മാളിൽ പ്രവർത്തനമാരംഭിച്ചു. ബേബി തൻവി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ മുൻനിര ടോയ്സ് ഹോൾസെയിൽ ഡീലർമാരായ സ്റ്റാർ ട്രേഡിംഗ് കോർപറേഷൻറെ ബ്രാൻഡഡ് റീട്ടെയിൽ ചെയിനാണ് ഫ്രിസ്ബീ.

എല്ലാ പ്രധാന ഇന്ത്യൻ ടോയ്സ് ബ്രാൻഡുകളും ലോകോത്തര ബ്രാൻഡുകളായ ബാർബി, ഹോട്ട് വീൽസ്, ഫൺസ്കൂൾ, ലെഗൊ എന്നിവയുടെ ഉത്പന്നങ്ങളും ഇവിടെ ലഭിക്കുമെന്ന് ഫ്രിസ്ബീ സ്ഥാപകൻ ടി.എ. സജീവൻ പറഞ്ഞു.

## ഗൂഗ്ൾ പേ വഴി ഇനി ഉടനടി വായ്പ

**കൊച്ചി:** കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പേയ്മെൻറ് ആപ്പുകളിലൊന്നായ ഗൂഗ്ൾ പേ വഴി ഇനി ഉടനടി വായ്പയും നേടാം. എട്ട് ലക്ഷം രൂപ വരെയുള്ള ഉടനടി (ഇൻസ്റ്റൻറ് വായ്പ) വായ്പകൾ ഗൂഗ്ൾ പേ വഴി ലഭ്യമാകും.

ഡിഎംഐ ഫിനാൻസുമായി സഹകരിച്ചാണ് ഗൂഗ്ൾ പേ ഉപയോക്താക്കൾക്കായി വായ്പകൾ നൽകുന്നത്. ആപ്പ് വഴി തന്നെ മിനിറ്റുകൾക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വായ്പ നേടാം. പാൻ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകിയാണ് വായ്പയ്ക്ക് അപേക്ഷിക്കേണ്ടത്. ഇതോടെ നമ്മുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലേക്ക് ഡിഎംഐ ഫിനാൻസിന് ആക്സസ് ലഭിക്കും.

തുടർന്ന് നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ ക്രെഡിറ്റ് സ്കോറും ക്രെഡിറ്റ് ഹിസ്റ്ററിയുമൊക്കെ പരിശോധിച്ച് എത്ര തുക വരെ അനുവദിക്കുമെന്ന് കാണിക്കും.എട്ട് ലക്ഷം രൂപ വരെ വായ്പ നൽകുമെന്ന് പറയുന്നുണ്ടെങ്കിലും ഉയർന്ന ക്രെഡിറ്റ് ഹിസിറ്ററിയും ക്രെഡിറ്റ് സ്കോറുമുള്ളവർക്കാണ് കൂടുതൽ തുക വായ്പയായി നൽകുക.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com